പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 170 **26-10-2026-ൽ മറുപടിയ്ക്ക്**

അർബുദരോഗികളുടെ വർധനവും രോഗപ്രതിരോധവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് അർബുദരോഗികളുടെ എണ്ണം വൻതോതിൽ വർധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

മറുപടി: ഉണ്ട്. കാൻസർ സെന്ററുകളിൽ പ്രവർത്തിച്ചു വരുന്ന ജനസംഖ്യാധിഷ്ഠിത കാൻസർ രജിസ്ട്രിയുടെ കണക്കുകൾ പ്രകാരം അർബുദ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ കാരണങ്ങൾ പഠിക്കുന്നതിന് ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

മറുപടി: സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി 08.10.2026 തീയതിയിലെ സ.ഉ (സാധാ) നം. 3384/2026/ആ.കുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അർബുദ രോഗ വർദ്ധനവിനെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള ഉചിതമായ നടപടി ശിപാർശ ചെയ്യുന്നതിനുമായി ശാസ്ത്രജ്ഞരും മെഡിക്കൽ വിദഗ്ധരും ഈ സമിതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) അർബുദ രോഗികളുടെ എണ്ണം വർധിക്കുന്നതിന്റെ കാരണങ്ങൾ വിശദമായി പഠിച്ച് വർധനവ് പ്രതിരോധിക്കാനുള്ള നിർദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

മറുപടി: സംസ്ഥാനത്ത് അർബുദ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിന് കാരണങ്ങൾ പഠിച്ച് പ്രതിരോധിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ എന്നത്തേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്; വിശദമാക്കാമോ?

മറുപടി: സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ ശാസ്ത്രീയമായി പഠിക്കുന്നതിനും രോഗം തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള പ്രായോഗികമായ

നടപടികൾ ശിപാർശ ചെയ്യുന്നതിനുമായി ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ വിശദമായ പഠനം നടത്തി കാലതാമസമില്ലാതെ റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ